ജർമൻകാർ ഇനി മലയാളം പഠിക്കും

എം.കെ. അജിത്കുമാർ

ട്യൂബിങ്കൻ സർവകലാശാല

ന്യൂഡൽഹി: മലയാളപഠനവും ഗവേഷണവും ഇനി ജർമനിയിലും. ജർമനിയിലെ ഏറ്റവും പഴയതും പേരുകേട്ടതുമായ ട്യൂബിങ്കൻ സർവകലാശാലയിലെ 'ഏഷ്യൻ ആൻഡ് ഓറിയൻറൽ സ്റ്റഡീസി'ൻെറ കീഴിൽ ഒക്ടോബർ 9-നാണ് മലയാളം കോഴ്സ് ആരംഭിക്കുന്നത്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയും ട്യൂബിങ്കനിലെ എബെഹാർഡ് കാൾസ് സർവകലാശാലയും സംയുക്തമായി തുടങ്ങിയ ഗണ്ടർട്ട് ചെയറിൻെറ കീഴിലാണ് പഠനം. ചെയർ സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രത്തിൽ മലയാളം സർവകലാശാല വൈസ് ചാൻസലർ കെ. ജയകുമാറും ട്യൂബിങ്കൻ സർവകലാശാല വൈസ് ചാൻസലറും ഒപ്പുവെച്ചു. ഇതാദ്യമായിട്ടാണ് ഒരു ഇന്ത്യൻ സർവകലാശാല വിദേശ സർവകലാശാലയുമായി ചേർന്ന് ചെയർ തുടങ്ങുന്നത്. യു.ജി.സി.യുടെ സഹകരണത്തോടെയാണിത്.

മലയാളം സർവകലാശാലയിലെ അധ്യാപകരാണ് ക്ലാസുകളെടുക്കുക. ക്ലാസുകൾ ആരംഭിക്കുന്നതോടനുബന്ധിച്ച് കേരളത്തിൻെറ സംസ്കാരത്തെയും മലയാള ഭാഷയെയുംകുറിച്ച് രണ്ടു ദിവസത്തെ സിമ്പോസിയവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി അടുത്തമാസം താൻ കേരളത്തിലെത്തുമെന്ന് ഏഷ്യൻ ആൻഡ് ഓറിയൻറൽ പഠന കേന്ദ്രത്തിലെ ഭാഷാവിദഗ്ധനായ ഡോ. ഹെയ്ക്ക് ഓബർലിൻ 'മാതൃഭൂമി'യോട് പറഞ്ഞു. 1990-ൽ രണ്ടുവർഷം കേരളത്തിൽ താമസിച്ച് കൂടിയാട്ടം പഠിച്ചിട്ടുണ്ട് ഡോ. ഹെയ്ക്ക്.

മലയാളഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ ഹെർമൻ ഗുണ്ടർട്ട് പഠിച്ച സർവകലാശാലയാണ് 1477-ൽ സ്ഥാപിതമായ ട്യൂബിങ്കൻ. ഗുണ്ടർട്ട് തൻെറ പുസ്തകങ്ങളും രേഖകളും ഈ സർവകലാശാലയുടെ ലൈബ്രറിക്ക് കൈമാറിയിരുന്നു. 1856-ൽ സംസ്കൃത പഠനത്തിനുവേണ്ടി പ്രത്യേകകേന്ദ്രം തുടങ്ങി ഇന്ത്യയെക്കുറിച്ചുള്ള പഠനം ആരംഭിച്ചിരുന്നു

ഹെർമൻ ഗുണ്ടർട്ട്

മലയാളം സർവകലാശാലയിലെ അധ്യാപകർ പഠനത്തിനും ഗവേഷണത്തിനുംവേണ്ട സഹായങ്ങളാണ് നൽകുക. വിദേശികൾക്ക് മലയാളം പഠിക്കാനുള്ള പുസ്തകങ്ങളും മറ്റ് പഠനസംവിധാനങ്ങളും ഇതോടൊപ്പം വികസിപ്പിക്കും.

മേമൻെറ ചടങ്ങിൽ പങ്കെടുത്തവർ തീവ്രവാദികൾ -ത്രിപുര ഗവർണർ

ത്രിപുര: യാക്കൂബ് മേമൻെറ ശവസംസ്കാര ച്ചടങ്ങിൽ പങ്കടുത്തവർ തീവ്രവാദികളെന്ന് ത്രിപുര ഗവർണർ തഥാഗത റോയ്. മേമൻെറ മൃതദേഹവും വഹിച്ചുള്ള യാത്രയിൽ തടിച്ചുകൂടിയവരെ രഹസ്യാന്വേഷണവിഭാഗം കർശന നിരീക്ഷണത്തിന് വിധേയമാക്കണം. അവർ നാളത്തെ തീവ്രവാദികളാണ്- ട്വീറ്റിൽ തഥാഗത റോയ് പറഞ്ഞു. ട്വീറ്റ് വിവാദമായതിനെത്തുടർന്ന് താൻ ഏതെങ്കിലും സമുദായത്തെ ലക്ഷ്യംവെച്ചല്ല പറഞ്ഞതെന്നും രാജ്യത്തിൻെറ സുരക്ഷ സംബന്ധിച്ച വികാരം പ്രകടിപ്പിച്ചതാണെന്നും റോയ് വിശദീകരിച്ചു. ഗവർണറാകും മുമ്പ് ബംഗാൾ ബി.ജെ.പി ഘടകത്തിൻെറ മുതിർന്ന നേതാവായിരുന്നു റോയ്. വടക്കൻ ബംഗാൾ ഏതാനും വർഷത്തിനുള്ളിൽ മുസ്ലിം ഭൂരിപക്ഷപ്രദേശമാവുമെന്ന് റോയ് മുമ്പ് ചെയ്ത ട്വീറ്റും വിവാദമായിരുന്നു.

രാജ്യസഭ പൂർണമായി തടസ്സപ്പെട്ടു

ന്യൂഡൽഹി: ലളിത് മോദി, വ്യാപം വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് വെള്ളിയാഴ്ചയും രാജ്യസഭ പൂർണമായി തടസ്സപ്പെട്ടു. പലതവണ നിർത്തിവെച്ച സഭ ഉച്ചയ്ക്ക് 2.30-ന് സ്വകാര്യ അംഗങ്ങളുടെ പ്രമേയങ്ങൾ പരിഗണിക്കാൻ ചേർന്നപ്പോഴും ബഹളം തുടർന്നു.

എല്ലാ പാർട്ടികളും യോജിക്കുകയാണെങ്കിൽ സ്വകാര്യ അംഗങ്ങളുടെ പ്രമേയം അടുത്ത സമ്മേളനത്തിലേക്ക് മാറ്റിവെക്കാമെന്ന് പ്രതിപക്ഷ നേതാവ് ഗുലാം നബി ആസാദ് നിർദേശിച്ചു. രാജ്യത്ത് വധശിക്ഷ നിർത്തലാക്കുന്നതിനായി സ്വകാര്യപ്രമേയം കൊണ്ടുവന്ന സി.പി. ഐ. അംഗം ഡി. രാജയും ഇതിനോട് യോജിച്ചു. സഭാ നേതാവുകൂടിയായ ധനമന്ത്രി അരുൺ ജെയ്റ്റ്ലിയും ഇതിനോട് യോജിപ്പ് പ്രകടിപ്പിച്ചതോടെ സ്വകാര്യ അംഗങ്ങളുടെ പ്രമേയങ്ങൾ അടുത്ത സമ്മേളനത്തിലേക്ക് മാറ്റി. തുടർന്ന് വീണ്ടും കോൺഗ്രസ്സുൾപ്പടെയുള്ള പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നു. ഇതിനിടെ പൈതൃക സ്ഥലങ്ങൾ സംബന്ധിച്ച ദേശീയ കമ്മീഷനുള്ള 2009-ലെ ബിൽ പിൻവലിക്കാൻ സാംസ്കാരികമന്ത്രി മഹേഷ് ശർമ അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നതോടെ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ തിങ്കളാഴ്ച വരെ സഭ പിരിയുന്നതായി പ്രഖ്യാപിച്ചു.

ഹോങ്കോങ്ങിലെ എസ്.ബി.ഐ. ബ്രാഞ്ചിന് 6.4 കോടി പിഴ

- പിഴ കള്ളപ്പണം ചെറുക്കാൻ ശ്രമിച്ചില്ലെന്ന ആരോപണത്തെത്തുടർന്ന്
- അനധികൃത ഇടപാട് നടന്നിട്ടില്ലെന്ന് എസ്.ബി.ഐ.

ഹോങ്കോങ്: കള്ളപ്പണം ചെറുക്കുന്നതിനും ഭീകരർക്ക് പണം ലഭ്യമാകുന്ന സ്രോതസ്സ് തടയുന്നതിനുമുള്ള നിയമങ്ങൾ ലംഘിച്ചെന്നാരോപിച്ച് എസ്.ബി.ഐ.യുടെ ഹോങ്കോങ് ബ്രാഞ്ചിന് 10 ലക്ഷം ഡോളർ (ഏകദേശം 6.4 കോടി രൂപ) പിഴ. ഹോങ്കോങ് മോണിറ്ററി അതോറിറ്റിയാണ് പിഴ ചുമത്തിയതെന്ന് രാജ്യത്തെ സെൻട്രൽ ബാങ്ക് അധികൃതർ അറിയിച്ചു. 2012-ൽ പ്രാബല്യത്തിൽവന്ന കള്ളപ്പണംതടയൽ ഓർഡിനൻസ് പ്രകാരമാണ് നടപടി. ഈ നിയമം വന്നതിനുശേഷമുള്ള ആദ്യ ശിക്ഷാനടപടിയാണിത്.

2012 ഏപ്രിൽമുതൽ 2013 നവംബർവരെ ഇവിടത്തെ എസ്.ബി.ഐ. ബ്രാഞ്ച് കാര്യമായ പരിശോധനകൂടാതെ ഒട്ടേറെ ചെക്കുകൾ പാസാക്കുകയും ഇടപാടുകൾ നടത്തുകയും ചെയ്തെന്നാണ് ആരോപണം. പിഴയ്ക്കുപുറമേ, ഇക്കാര്യത്തിൽ വിശദമായ റിപ്പാർട്ട് നൽകണമെന്നും മോണിറ്ററി അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഭാവിയിൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചും വിശദീകരിക്കണം.

എന്നാൽ, അനധികൃത ഇടപാടുകൾ ബാങ്കിലൂടെ നടന്നെന്ന് വ്യക്തമാക്കാൻ മോണിറ്ററി അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ലെന്ന് എസ്.ബി.ഐ. അവകാശപ്പെട്ടു.

എം.ബി. രാജേഷ് എം.പി.യുടെ നേതൃത്വത്തിലുള്ള സംഘം പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ

കോച്ച് ഫാക്ടറി: എം.ബി. രാജേഷ് എം.പി. പ്രധാനമന്ത്രിയെ കണ്ടു

ന്യൂഡൽഹി: കഞ്ചിക്കോട് കോച്ച് ഫാക്ടറി, ഇൻസ്ട്രുമെൻേറഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി കൂടിക്കാഴ്ച നടത്തിയ എം.ബി. രാജേഷ് എം.പി.യോട് ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയെക്കുറിച്ച് ഉപദേശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

ഗെയിൽ നടപ്പാക്കുന്ന പ്രകൃതിവാതക പൈപ്പ് ലൈനിനെക്കുറിച്ചുള്ള തെറ്റിദ്ധാരണ മാറ്റാൻ സി.പി.എം. പ്രചാരണം നടത്തണമെന്നാണ് പ്രധാനമന്ത്രിയുടെ ഉപദേശം. പദ്ധതിയെക്കുറിച്ച് കൃഷിക്കാർക്കും മറ്റുമിടയിലുള്ള തെറ്റിദ്ധാരണജനകമായ പ്രചാരണം തുറന്നുകാണിക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. പൈപ്പ് ലൈൻ പദ്ധതിയിൽ കേരളത്തിലുള്ള തടസ്സങ്ങളിൽ അസന്തുഷ്ടി പ്രകടിപ്പിച്ച പ്രധാനമന്ത്രി, വികസനം നടപ്പാക്കുന്നതിൽ ഇത്തരം എതിർപ്പുകൾ വിഘാതമാവുന്നത് ഗുണകരമാവില്ലെന്നും അഭിപ്രായപ്പെട്ടു.

ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ പാലക്കാട്ടെ ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡ് നിലനിർത്തേണ്ടത് അത്യാവശ്യമാണെന്നകാര്യത്തിൽ പ്രധാനമന്ത്രി യോജിച്ചു. ഇൻസ്ട്രുമെൻേറഷൻ മൊത്തത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുമ്പോഴും 1974 മുതൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റാണ് പാലക്കാട്ടേതെന്ന് എം.ബി. രാജേഷ് ചൂണ്ടിക്കാട്ടി. അതുകൊണ്ടുതന്നെ പാലക്കാട്ടെ യൂണിറ്റിനെ സ്വതന്ത്രമാക്കുകയോ ഭെല്ലിനെപ്പോലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ ലയിപ്പിക്കുകയോ വേണമെന്നും രാജേഷ് ആവശ്യപ്പെട്ടു.

വ്യാപം: പരമാവധി കേസുകൾ ഏറ്റെടുക്കണമെന്ന് സി.ബി.ഐ.യോട് കോടതി

ന്യൂഡൽഹി: വ്യാപം അഴിമതിയുമായി ബന്ധപ്പെട്ട് പരമാവധി കേസുകൾ പ്രത്യേകാന്വേഷണസംഘത്തിൽ നിന്നേറ്റെടുക്കണമെന്ന് സി.ബി.ഐ.ക്ക് സുപ്രീം കോടതി നിർദേശം നൽകി.

സി.ബി.ഐ.യിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ അടുത്ത വെള്ളിയാഴ്ച കേസ് പരിഗണിക്കുമ്പോൾ അറിയിക്കാനും കോടതി നിർദേശിച്ചു. കേസുകൾ ഏറ്റെടുക്കുന്നതിന് മുന്നാഴ്ചത്തെ സമയം ധാരാളമാണെന്ന് സോളിസിറ്റർ ജനറൽ രഞ്ജിത് കുമാറിനെ ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് അറിയിച്ചു. ആറാഴ്ചയ്ക്കുള്ളിൽ കേസിലെ പ്രോസിക്യൂട്ടർമാരെ നിയമിക്കണം. കൂടുതൽ പ്രത്യേക കോടതികൾ വേണമെന്ന ആവശ്യത്തോട് ചീഫ് ജസ്റ്റിസ് യോജിച്ചില്ല.

185 കേസുകൾ വ്യാപവുമായി ബന്ധപ്പെട്ടുണ്ട്. 78-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

മാവോവാദി രൂപേഷ് ഉപവാസം തുടരുന്നു

കോയമ്പത്തൂർ: ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന അഞ്ചംഗ മാവോവാദിസംഘത്തിൻെറ നേതാവ് രൂപേഷ് ഉപവാസത്തിൽ. അമ്പതോളം കേസ് ചുമത്തി കേരള പോലീസ് തങ്ങളെ ഉപദ്രവിക്കുകയാണെന്നും ദേശീയ സുരക്ഷാനിയമം ചുമത്തിയതിനാൽ തങ്ങൾക്ക് കോടതികളെ സമീപിക്കാൻ കഴിയുന്നില്ലെന്നും വെള്ളിയാഴ്ച കോയമ്പത്തൂർ കോടതിയിൽ ഹാജരാക്കിയപ്പോൾ പ്രതികൾ പരാതിപ്പെട്ടു.

രൂപേഷ്, ഭാര്യ ഷൈന മറ്റ് പ്രതികളായ അനൂപ്, സി. വീരമണി, എസ്. കണ്ണൻ എന്നിവരെയാണ് കോടതിൽ ഹാജരാക്കിയത്. ഇതേത്തുടർന്ന് കേസ് ആഗസ്റ്റ് ഏഴിലേക്ക് മാറ്റി.